**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4230** **18-07-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തറ ടെക്സ്റ്റെയിൽസിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള കുന്നത്തറ ടെക്സ്റ്റെയിൽസിന്റെ ഭൂമിയിൽ സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കാൻ ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കോടതി ലികിഡേഷൻ നടപടിയിലൂടെ തുച്ഛമായ പണത്തിന് കുന്നത്തറ ടെക്സ്റ്റെയിൽസിന്റെ ഭൂമിയും അനുബന്ധ വസ്തുക്കളും അന്യാധീനപ്പെട്ട് പോവുന്നത് തടയുന്നതിനായി നടപടി സ്വീകരിക്കുമോ; | (ബി) | പൂട്ടികിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈൽസിന്റെ പുനരുദ്ധാരണ പാക്കേജുമായി മുന്നോട്ട് പോകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ള വിവരം അഡ്വക്കേറ്റ് ജനറലിനെ അറിയിക്കുകയും ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നിയമ നടപടികൾ അറിയിക്കുവാൻ അഭ്യർത്ഥിച്ചിട്ടുമുണ്ട്.<br><br>ബഹു.ഹൈക്കോടതി വിധിയ്ക്ക് അനുസൃതമായി, പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി പ്രയോജനപ്പെടുത്തുന്നതിനായി ടെക്സ്റ്റൈൽ മേഖലയെ പുന:രുജ്ജീവിപ്പിക്കുന്നതിനു യോജിച്ച മറ്റൊരു പ്രോജക്റ്റ് തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കിൻഫ്രയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | കോഴിക്കോട് ജില്ലയിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി കുന്നത്തറ ടെക്സ്റ്റെയിൽസിന്റെ ഭൂമി വിട്ടു കൊടുക്കുന്നതിനായി അപേക്ഷ ലഭിക്കുന്നപക്ഷം സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ